(ബി) ഇല്ല. ടി തസ്തികകളുംകൂടെ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയുടെ യോഗ്യത 16.7.1987-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 202/87/ഉവിവ. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. †

(ഡി) അനുബന്ധം രണ്ടിലെ യോഗ്യതകൂടാതെ സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനാൽ മറ്റ് യോഗ്യതകളുമായി താരതമ്യപ്പെടുത്തേണ്ട ആവശ്യം ഉദിക്കുന്നില്ല.

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഈ തസ്തികയിലെ നിയമനത്തിന് അനുബന്ധം രണ്ടിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഒരേ റൂട്ടിൽ ഒരേ ക്ലാസിൽ വ്യത്യസ്ത നിരക്ക് ഈടാക്കൽ

95 [2705] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിൽ എൻജിനീയറിംഗ് ഡിസ്റ്റൻസ് അനുസരിച്ച് ടിക്കറ്റ് നിരക്ക് കുറച്ച് പുതുക്കി നിശ്ചയിച്ച് ഉത്തരവായത് എന്നുമുതൽക്കാണെന്ന് അറിയുമോ;

(ബി) കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേഷനുകളിൽ ഇപ്പോഴും പഴയ നിരക്ക് ഈടാക്കിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം—തിരുവല്ല റൂട്ടിൽ എക്സ്പ്രസ് ട്രെയിനുകളിൽ രണ്ടാംക്ലാസിൽ യാത്ര ചെയ്യുന്നതിന് തിരുവല്ലയിൽ നിന്നും ടിക്കറ്റെടുക്കുമ്പോൾ 45 രൂപയും തിരുവനന്തപുരം സ്റ്റേഷനിൽ നിന്നും ടിക്കറ്റെടുക്കുമ്പോൾ 46 രൂപയും ഈടാക്കിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം കഴിഞ്ഞ ഏതാനും മാസങ്ങളായി തിരുവനന്തപുരം സ്റ്റേഷനിൽ നിന്നും ടിക്കറ്റെടുക്കുന്ന ആയിരക്കണക്കിന് യാത്രക്കാരിൽ നിന്നും റെയിൽവേ ഈടാക്കിവരുന്ന അധിക തുക തിരികെ നൽകുന്നതിനോ നഷ്ടപരിഹാരം നൽകുന്നതിനോ റെയിൽവേയോട് ആവശ്യപ്പെടാൻ തയ്യാറാകുമോ;

(ഇ) ഒരേ റൂട്ടിൽ ഒരേ ക്ലാസ്സിൽ വ്യത്യസ്ത നിരക്ക് ഈടാക്കുന്നതിനുള്ള കാരണം എന്താണെന്നന്വേഷിച്ചറിയിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

കാവൽക്കാരില്ലാത്ത റെയിൽവേ ക്രോസുകളിൽ അപകടം

96 [2706] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവൽക്കാരില്ലാത്ത റെയിൽവേ ക്രോസ്സുകളിൽ വച്ച് ട്രെയിൻ ഇടിച്ച് അപകടം സംഭവിച്ചതായ എത്ര കേസ്സുകൾ സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായിട്ടുണ്ട്;

(ബി) അങ്ങനെ അപകടം സംഭവിച്ച ലവൽ ക്രോസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ ലവൽ ക്രോസുകളിലെല്ലാം കാവൽ ഏർപ്പെടുത്താൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

രാജധാനി എക്സ്പ്രസിന് സ്റ്റോപ്പില്ലാത്ത ജില്ലാ തലസ്ഥാനം

97 [2707] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജധാനി എക്സ്പ്രസ്സിന് ഇപ്പോൾ സ്റ്റോപ്പില്ലാത്ത ജില്ലാ തലസ്ഥാനമുണ്ടോ;

(ബി) എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും രാജധാനി എക്സ്പ്രസ്സിന് സ്റ്റോപ്പ് അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ വകുപ്പിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യയുടെ തലസ്ഥാനമായ ന്യൂഡെൽഹിയിൽ എത്തിച്ചേരുന്നുള്ള അതിവേഗ തീവണ്ടിയായ രാജധാനി എക്സ്പ്രസ്സ് ഇന്ത്യൻ റെയിൽവേയുടെ തന്നെ അഭിമാനസ്തംഭമായാണ് കണക്കാക്കപ്പെടുന്നത്. ആയതിനാൽ അതിന്റെ സ്റ്റോപ്പുകൾ പരമാവധി കുറവായി നിജപ്പെടുത്തിയിരിക്കുകയാണ്. കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുമ്പോൾ ആ ട്രെയിനിന്റെ വേഗത കുറയുമെന്നതിനാൽ അതുപയോഗിക്കുന്ന ദീർഘദൂര യാത്രക്കാരുടെ സൗകര്യാർത്ഥം ടി ട്രെയിനിന് സ്റ്റോപ്പില്ലാത്ത ജില്ലാ തലസ്ഥാനങ്ങളിൽ സ്റ്റോപ്പനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly